## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 5869

30.07.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. കെ.വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള പരിശോധന ആരംഭിച്ചിട്ടുണ്ടോ ; നീതീപൂർവ്വമല്ലാത്തതായി സർക്കാർ കരുതുന്ന ശിപാർശകൾ ഏതൊക്കെയാണ് ; | : | ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന ഏതെല്ലാം നിലപാടുകളിലാണ് കമ്മീഷൻ അടിസ്ഥാനപരമായ മാറ്റം ശിപാർശ ചെയ്തിട്ടുള്ളത് ; | : | കമ്മീഷന്റെ ശുപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | ശമ്പള പരിഷ്കരണത്തിന്റെ അഞ്ചുവർഷ തത്വം മാറ്റുന്ന നിലയിൽ കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ടോ ; | : | |
| (ഡി) | ലീവ് സറണ്ടർ സംബന്ധിച്ച് നിർദ്ദേശിച്ച മാറ്റം എന്താണ് ; | : | |
| (ഇ) | അടിസ്ഥാനപരമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള എല്ലാ ശിപാർശകളിലും സർക്കാരിന്റെ നിലപാട് അറിയിക്കുമോ ; | : | ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | രണ്ടാംഘട്ട റിപ്പോർട്ട് ലഭിച്ചതിനു ശേഷമാണോ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | : | ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ജി) | രണ്ടാം ഘട്ട റിപ്പോർട്ട്സമർപ്പിക്കാൻ കമ്മീഷന് കാലപരിധി നിശ്ചയിച്ചുകൊടുത്തിട്ടുണ്ടോ ; കമ്മീഷന്റെ പ്രവർത്തനത്തിൽ കാലതാമസമുണ്ടായതിനെത്തുടർന്ന് അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കുമോ? | : | രണ്ടാം ഘട്ട റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് 30.11.2015 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. 23.07.2015 മുതൽ അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ഏതാനും ചില സംഘടനകളുടെ ആവശ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു.<br><br>1. അഞ്ചുവർഷ തത്വം ഉറപ്പാക്കി 01.07.2014 മുതൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുക; 30% ശമ്പളവർദ്ധന അനുവദിക്കുക.<br>2. പങ്കാളിത്തപെൻഷൻ പദ്ധതി ഉപേക്ഷിക്കുക.<br>3. തസ്തിക വെട്ടിക്കുറയ്ക്കുന്ന തീരുമാനം പിൻവലിക്കുക, തസ്തികകൾക്ക് തുടർച്ചാനുമതി നൽകുക.<br>4. അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പാക്കുക, അധ്യാപക-വിദ്യാർത്ഥി അനുപാതം പുന:ക്രമീകരിക്കുക.<br>5. പെൻഷൻ പ്രായത്തിലെ വിവേചനം അവസാനിപ്പിക്കുക.<br>6. സമഗ്ര ആരോഗ്യചികിത്സാ പദ്ധതി നടപ്പിലാക്കുക.<br><br>എന്നാൽ പണിമുടക്കം യാഥാർത്ഥ്യമായില്ല. |

**സെക്ഷൻ ഓഫീസർ**